## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 5342

05.07.2012-ൽ മറുപടിക്ക്.

### ഇൻകെൽ സ്ഥാപിക്കുന്ന വ്യവസായ പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഇൻകെൽ കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്ന 2011-12-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച്, എത്ര പാർക്കുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പുതിയ പാർക്കുകൾ ആരംഭിച്ചതിന് എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും, പാർക്കുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും വെളിപ്പെടുത്താമോ? | (എ&ബി) ഇൻകെൽ 2011-12 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ രണ്ട് വ്യവസായ പാർക്കുകളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.<br><br>1. മലപ്പുറത്ത് പാണക്കാടുള്ള 'സ്മാൾ & മീഡിയം എൻടർപ്രൈസ് പാർക്ക്'<br>2. അങ്കമാലിയിൽ ടെൽക്കിനു സമീപം വ്യവസായം , ലോജിസ്റ്റിക്സ്, എന്നിവയ്ക്കുള്ള സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾ.<br><br>ഇതിനാവശ്യമായ ഭൂമി ഇൻകെൽ- കെ.എസ്.ഐ.ഡി.സി പ്രോജക്ടസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ടി പാർക്കുകളിൽ വ്യവസായങ്ങൾ തുടങ്ങാനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഏകജാലക സംവിധാനം ഇവ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ